വയനാട് ജില്ലയിലെ എൽ.പി./യു.പി. സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച കേസുകൾ

104 [5084] ശ്രീ. വി. ബാലറാം:
,, കെ. വി. ചന്ദ്രൻ:
,, ജോർജ് ജെ. മാത്യു:
,, ഡൊമിനിക് പ്രസന്റേഷൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ജനുവരി മുതൽ ഇതുവരെ വയനാട് ജില്ലയിൽ എൽ.പി./യു.പി. സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച് വയനാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഹൈക്കോടതി മുമ്പാകെ എത്ര സത്യവാങ്മൂലങ്ങൾ ഫയൽ ചെയ്തു;

(ബി) ഇവയിലെ വസ്തുതകൾ പരസ്പര വിരുദ്ധമായിരുന്നുവോ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്ത്;

(ഡി) വ്യത്യസ്തമായ വിധത്തിൽ സത്യവാങ്മൂലം നൽകിയത് ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിക്കാനിടയായിട്ടുണ്ടോ;

(ഇ) എങ്കിൽ അത് സംബന്ധിച്ച് എന്ത് വകുപ്പുതല നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-7-2003 വരെ 4 എണ്ണം ഫയൽ ചെയ്തു.

(ബി) വസ്തുതകളിൽ മാറ്റം സംഭവിച്ചിട്ടുണ്ട്.

(സി) ഒഴിവുകൾ നിർണ്ണയിക്കുന്നതിൽ വന്ന അപാകതയാണ് കാരണം.

(ഡി) കോടതിയലക്ഷ്യ കേസ് നിലവിലുണ്ട്.

(ഇ) ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി

105 [5085] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല മണ്ഡലത്തിൽ ഡി.പി.ഇ.പി. യുടെ ഭാഗമായി അനുവദിക്കപ്പെട്ട പട്ടിത്തറ പഞ്ചായത്തിലെ 'അരീക്കാട്', ആനക്കര പഞ്ചായത്തിലെ 'മേലഴികം' എന്നീ എൽ.പി. സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly